# സി.എൻ അഹ്മദ് മൗലവി എൻഡോവ്മെന്റ് അവാർഡ് ഇസ്‌ലാമിക വിജ്ഞാനകോശത്തിന്

**പ്രമുഖ** പണ്ഡിതനും ഖുർആൻ വിവർത്തകനുമായ സി.എൻ അഹ്മദ് മൗലവിയുടെ സ്മരണക്ക് മുസ്‌ലിം സർവീസ് സൊസൈറ്റി (എം.എസ്.എസ്) ഏർപ്പെടുത്തിയ എൻഡോവ്മെന്റ് അവാർഡ് ഇത്തവണ ഐ.പി.എച്ച് പ്രസിദ്ധീകരിക്കുന്ന ഇസ്‌ലാമിക വിജ്ഞാനകോശ പരമ്പരക്ക്. പ്രഫ. പി. മുഹമ്മദ് കുട്ടശ്ശേരി, എ.പി കുഞ്ഞാമു, ജമാൽ കൊച്ചങ്ങാടി എന്നിവരുൾപ്പെട്ട കമ്മിറ്റിയാണ് അവാർഡ് ഗ്രന്ഥം നിർണയിച്ചത്. കരുത്തും കാമ്പും മുസ്‌ലിം കേരളം ഇനിയും വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല എന്നും അദ്ദേഹം പറഞ്ഞു.

ഒരു ഗ്രന്ഥാവലിയുടെ പ്രസിദ്ധീകരണം പൂർത്തിയാകുന്നതിനു മുമ്പുതന്നെ പുരസ്കാരത്തിനർഹമായി എന്നത് അതിന്റെ ഗുണഫലത്തെയാണ് സൂചിപ്പിക്കുന്നതെന്ന് അവാർഡ് വിതരണം നിർവഹിച്ച ജസ്റ്റിസ് കെ.എ ഗഫൂർ പറഞ്ഞു.

ഓറിയന്റലിസ്റ്റുകൾ തയാറാക്കിയതും പലവിധ പരിമിതികളുള്ളതുമായ ഇംഗ്ലീഷിലെ *ദ എൻസൈക്ലോപീഡിയ ഓഫ് ഇസ്‌ലാം* മാറ്റിനിർത്തിയാൽ സമഗ്രമായ ഒരു മാതൃകയുടെ അഭാവത്തിലാണ് ഐ.പി.എച്ച് ഇത്തരമൊരു സാഹസിക സംരംഭത്തിന് മുന്നിട്ടിറങ്ങിയതെന്ന് അവാർഡ് ഏറ്റുവാങ്ങിയ ഡോ. എ.എ ഹലീം പറഞ്ഞു. ഇന്ത്യയിലെ എല്ലാ പ്രമുഖ ലൈബ്രറികളും സന്ദർശിച്ച് വിവരശേഖരണം നടത്തിയ ശേഷം 1992ലാണ് പദ്ധതിക്ക് തുടക്കമിട്ടത്. ഇതുവരെ ഒമ്പത് വാള്യങ്ങൾ പുറത്തിറങ്ങി. തുടർ വാള്യങ്ങളുടെ പണി പുരോഗമിക്കുന്നു. പൂർത്തിയാകുന്നതിനു മുമ്പു തന്നെ ഇത്തരമൊരവാർഡ് ലഭിച്ചത് ഈ സംരംഭത്തിനുള്ള അംഗീകാരമായി കണക്കാക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. എം.എസ്.എസ് പ്രസിഡന്റ് സി.പി കുഞ്ഞുമുഹമ്മദ് അധ്യക്ഷത വഹിച്ചു. പ്രഫ. പി. മുഹമ്മദ് കുട്ടശ്ശേരി സ്വാഗതവും പി.പി മമ്മദ് കോയ നന്ദിയും പറഞ്ഞു. ■



**അവാർഡ് ജസ്റ്റിസ് കെ.എ ഗഫൂറിൽനിന്ന് ഡോ. എ.എ ഹലീം ഏറ്റുവാങ്ങുന്നു**

കോഴിക്കോട് എം.എസ്.എസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കേരള ഹൈക്കോടതി റിട്ട. ജഡ്ജി ജസ്റ്റിസ് കെ.എ ഗഫൂർ അവാർഡ് സമ്മാനിച്ചു. ഇസ്‌ലാമിക വിജ്ഞാനകോശം എക്സിക്യൂട്ടീവ് എഡിറ്റർ ഡോ. എ.എ ഹലീം ഏറ്റുവാങ്ങി. 10,000 രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്. ജമാൽ കൊച്ചങ്ങാടി അവാർഡ് ഗ്രന്ഥം പരിചയപ്പെടുത്തി. ഇസ്‌ലാമിക വൈജ്ഞാനികരംഗത്ത് സി.എൻ നൽകിയ കനപ്പെട്ട സേവനങ്ങൾക്ക് സമാനമായ സംരംഭമായതുകൊണ്ടാണ് ഇസ്‌ലാമിക വിജ്ഞാനകോശ ഗ്രന്ഥ പരമ്പരയെ അവാർഡിനായി തെരഞ്ഞെടുത്തതെന്ന് അദ്ദേഹം പറഞ്ഞു. സങ്കുചിതത്വങ്ങൾക്കതീതമായി പൊതുനിലപാട് സ്വീകരിക്കുന്ന വിജ്ഞാനകോശം, കേരള മുസ്‌ലിംകളുടെ ചെറുതും വലുതുമായ സ്പന്ദനങ്ങൾ സ്വാംശീകരിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഗ്രന്ഥത്തിന്റെ

## കൊയ്റെ അവാർഡ്

### ഒ.ഐ.സി സെക്രട്ടറി ജനറലിന്

**മികച്ച** ശാസ്ത്ര ചരിത്ര പഠനങ്ങൾക്ക് നൽകിവരുന്ന പുരസ്കരമാണ് അലക്സാന്ദ്രെ കൊയ്റെ അവാർഡ്. പാരീസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അക്കാദമി ഓഫ് ഹിസ്റ്ററി ഓഫ് സയൻസസ് രണ്ടു വർഷത്തിലൊരിക്കലാണ് അവാർഡ് ജേതാവിനെ കണ്ടെത്തുന്നത്. വിവിധ ശാസ്ത്രശാഖകൾക്ക് നൽകുന്ന നോബൽ സമ്മാനത്തിന് തുല്യമാണിത്. ഇത്തവണ ഈ പുരസ്കാരത്തിന് അർഹനായിരിക്കുന്നത് ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോൺഫറൻസി (ഒ.ഐ.സി)ന്റെ സെക്രട്ടറി ജനറൽ പ്രഫ. അക്മലുദ്ദീൻ ഇസ്ഹാൻ ഓഗ്‌ലു.




ഒ.ഐ.സി ജനറൽ സെക്രട്ടറി സ്ഥാനം ഏറ്റെടുക്കുന്നതിന് മുമ്പ് ശാസ്ത്ര ചരിത്രപഠനങ്ങളിൽ വ്യാപൃതനായിരുന്നു അക്മലുദ്ദീൻ. ഉസ്മാനി കാലഘട്ടത്തിലെ ശാസ്ത്രത്തിന്റെ ചരിത്രം അദ്ദേഹം പതിനഞ്ച് വാള്യങ്ങളിലായി ക്രോഡീകരിച്ചിട്ടുണ്ട്. ഇതിനു വേണ്ടി അദ്ദേഹവും ഒപ്പമുള്ള ഗവേഷകരും 25 വർഷമാണ് ചെലവിട്ടത്. ഈ ബൃഹദ് കൃതിയാണ് സമ്മാനാർഹമായിരിക്കുന്നത്.

1927ൽ സ്ഥാപിതമായ അക്കാദമി ഓഫ് ഹിസ്റ്ററി ഓഫ് സയൻസസ് 1968 മുതൽക്കാണ് കൊയ്റെ അവാർഡ് ഏർപ്പെടുത്തിയത്. ഗവേഷകനായിരുന്ന അലക്സാന്ദ്രെ കൊയ്റെ 1932 മുതൽ 1941 വരെ ഈജിപ്തിലെ കയ്റോ യൂനിവേഴ്സിറ്റിയിൽ അധ്യാപകനായിരുന്നിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ പേരിലുള്ള അവാർഡ് വലിയ അംഗീകാരമായി കണക്കാക്കുന്നുവെന്നും അക്മലുദ്ദീൻ പറഞ്ഞു.

ഒ.ഐ.സി അംഗ രാഷ്ട്രങ്ങളിലെ പ്രതിഭാശാലികളായ ശാസ്ത്രജ്ഞർക്ക് അവാർഡ് ഏർപ്പെടുത്തുന്ന കാര്യം ആലോചനയിലുണ്ടെന്ന് ഒ.ഐ.സി സെക്രട്ടറി ജനറൽ അറിയിച്ചു. ■